**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 775 27.04.2017 -ൽ മറുപടിക്ക്

**എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ**

**ചോദ്യം**
**ശ്രീ. സി.മമ്മൂട്ടി**

**ഉത്തരം**
**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

**എ)** സംസ്ഥാനത്ത് ബുദ്ധിമാന്ദ്യമുള്ള വരുൾപ്പെടെയുള്ള ഭിന്നശേഷി ക്കാരായ ഉദ്യോഗാർത്ഥികൾ എത്ര പേർ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

**എ)** സംസ്ഥാനത്ത് എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ ബുദ്ധിമാന്ദ്യമുള്ള വരുൾപ്പെടെ 61912 ഭിന്നശേഷിക്കാരായ ഉദ്യോഗാർ ത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 11351 |
| കൊല്ലം | 6765 |
| പത്തനംതിട്ട | 2362 |
| ആലപ്പുഴ | 4449 |
| കോട്ടയം | 3569 |
| ഇടുക്കി | 1640 |
| എറണാകുളം | 5671 |
| തൃശ്ശൂർ | 4357 |
| പാലക്കാട് | 3955 |
| മലപ്പുറം | 4975 |
| കോഴിക്കോട് | 6460 |
| വയനാട് | 1169 |
| കണ്ണൂർ | 3287 |
| കാസർഗോഡ് | 1902 |
| ആകെ | 61912 |

ബി) ഇത്തരത്തിൽ ഏത് വർഷം വരെ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥി കൾക്ക് ഇതിനകം ജോലി നൽകി ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

ബി) നിയമനത്തിനായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ സീനിയോറിറ്റി ഓരോ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിലും വ്യത്യസ്തമായിരിക്കും. മാത്രമല്ല എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന ഒഴിവുകളുടെ യോഗ്യത, സംവരണ വിഭാഗം എന്നിവയ്ക്കനുസരിച്ചും രജിസ്ട്രേഷൻ സീനിയോറിറ്റി വ്യത്യാസപ്പെടും. ഈ സാഹചര്യത്തിൽ കൃത്യമായ വിവരം ശേഖരിക്കേണ്ടതുണ്ട്.

സി) സംസ്ഥാനത്ത് ബുദ്ധിമാന്ദ്യമുള്ളവരുൾപ്പെടെയുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് 'കൈവല്യ പദ്ധതി' ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

സി) ഉണ്ട്. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടുപോയ ഭിന്നശേഷിക്കാരെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിനായി ആരംഭിച്ച കൈവല്യ പദ്ധതിയിൽ താഴെപ്പറയുന്ന നാല് ഘടകങ്ങൾ ഉണ്ട്.

1. വൊക്കേഷണൽ & കരിയർ ഗൈഡൻസ്
2. മത്സരപരീക്ഷകൾക്കുള്ള പരിശീലനം
3. കപ്പാസിറ്റി ബിൽഡിംഗ്
4. സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള പലിശരഹിത വായ്പാ പദ്ധതി

കൈവല്യ പദ്ധതിയിലേക്കുള്ള അപേക്ഷ ഫോറം എല്ലാ എംപ്ലോയ് മെന്റ് എക്സ്ചഞ്ചു കളിലും ലഭ്യമാണ്. ഉദ്യോഗാർ ത്ഥികൾക്ക് അവരവർ രജിസ്റ്റർ ചെയ്തിട്ടുള്ള എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ഡി) ഈ പദ്ധതി പ്രകാരം ലഭിക്കുന്ന സാമ്പത്തിക സഹായത്തിന് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത് ;

ഡി) ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പലിശരഹിത വായ്പയാണ് നൽകുന്നത്. വായ്പതുകയുടെ 50% (പരമാവധി 25000 രൂപ) സബ്സിഡിയും നൽകുന്നു.

| | | | |
|---|---|---|---|
| ഇ) | ഈ പദ്ധതിയുടെ ഉപാധികൾ എന്തൊക്കെയാണ് ; | ഇ) | 1. കേരളത്തിലെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ പി.ഡബ്ല്യൂ.ഡി. ആക്ടിൽ നിർവചിച്ചിട്ടുള്ള പ്രകാരം 40% ഭിന്നശേഷിയുടെ സർട്ടിഫിക്കറ്റ് സഹിതം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും കൈവല്യ പദ്ധതിയിലേക്ക് അപേക്ഷി ക്കാവുന്നതാണ്.<br>2. ഉദ്യോഗാർത്ഥികൾക്ക് അവർ രജിസ്റ്റർ ചെയ്തിട്ടുള്ള എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ അപേക്ഷ നൽകാവുന്നതാണ്.<br>3. എല്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിലും അപേക്ഷ നൽകുന്ന ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കാവു ന്നതാണ്.<br>4. കൈവല്യയുടെ ഘടക പദ്ധതി കളിലേയ്ക്ക് ഈ ഡാറ്റാ ബാങ്കിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗാർ ത്ഥികളെ തെരഞ്ഞെടുക്കുന്ന തായിരിക്കും<br>5. സ്വയം തൊഴിൽ പദ്ധതിയിലേക്ക് അപേക്ഷിക്കുന്നതിന് അപേക്ഷകന്റെ പ്രായം 21 നും 55 നും മദ്ധ്യേ ആയിരിക്കണം<br>6. സ്വയം തൊഴിൽ വായ്പ ലഭിക്കുന്നതിന് കുടുംബവാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാൻ പാടില്ല.<br>7. വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് അപേക്ഷ യോടൊപ്പം ഹാജരാക്കേണ്ടതാണ്.<br>8. ബി.പി.എൽ. റേഷൻ കാർഡ് ഉടമകൾ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല.<br>9. ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ഒരു ജില്ലാതല സമിതിയാണ് വായ്പ നൽകുന്നതിനുള്ള സംരംഭകരെ തെരെഞ്ഞടുക്കുന്നത്. |

10.വായ്പ തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നിക്ഷേപിക്കുകയാണ്ചെയ്യുന്നത്

11. വായ്പ തുക 60 തുല്യ തവണകളായി തിരിച്ചടയ്ക്കേ ണ്ടതാണ്.

12. വായ്പ ലഭിക്കുന്നതിനായി തെരെഞ്ഞെടുക്കപ്പെടുന്ന സംരംഭകൻ തിരിച്ചടവ് ഉറപ്പു വരുത്തുന്ന തിനായുള്ള ബോണ്ട് ഒപ്പിട്ട് നൽകേണ്ടതാണ്.

| | |
|---|---|
| എഫ്) കൈവല്യ പദ്ധതി മൂലം സാമ്പത്തിക സഹായം ലഭിയ്ക്കുന്ന ബുദ്ധിമാന്ദ്യ മുൾപ്പെടെയുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് ഭാവിയിൽ സർക്കാർ ജോലി ലഭിയ്ക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയമ തടസ്സമുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ? | എഫ്) ഈ പദ്ധതി മുഖേന പലിശരഹിത സ്വയം തൊഴിൽ വായ്പ ലഭിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് വഴിയുള്ള സ്ഥിര നിയമനങ്ങൾക്കും, വായ്പ തിരിച്ചടവും സംരംഭത്തിന്റെ നടത്തിപ്പും മുടങ്ങാത്ത വിധത്തിലാണെങ്കിൽ സംരംഭം നന്നായി തുടർന്നുപോകുമെന്ന ഉറപ്പിൻമേൽ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചു വഴിയുള്ള താൽക്കാലിക നിയമനങ്ങൾക്കും പരിഗണിക്കുന്നതാണ്. എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് വഴിയായോ മറ്റേതെങ്കിലും ഏജൻസി വഴിയായോ സ്ഥിര നിയമനം ലഭിക്കുകയാണെങ്കിൽ, സ ബ്സിഡി ഒഴികെ ബാക്കിയുള്ള തിരിച്ചടവ് തുക ഒറ്റത്തവണയായി തിരിച്ചടയ്ക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ